# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1039**

**12.07.2016 - ൽ**
**മറുപടിക്ക്**

### ജൈവകൃഷി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; ഇത്തരം വിത്തിനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചും കോട്ടങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | **എ) & ബി)** ഇല്ല. |
| **ബി)** മോൺ സാന്റോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | |
| **സി)** സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബജറ്റ് നാച്വറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | **സി)** സീറോ ബഡ്ജറ്റ് ഫാമിങ്ങ്, ഓർഗാനിക് ഫാമിങ്ങിന്റെ ഒരു വകഭേദമാണ്. ജൈവ കൃഷിയെ ശക്തിപ്പെടുത്തുന്നതിനായിട്ടുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയിൽ സ്വീകരിച്ചുവരുന്നു. ജൈവകൃഷി അനുവർത്തിക്കുവാൻ താത്പര്യമുള്ളവർക്കായി ജൈവകൃഷി രീതികളുടെ പ്രത്യേക ശുപാർശകളും കാർഷിക സർവ്വകലാശാല ചിട്ടപ്പെടുത്തിയിട്ടുണ്ട്. സുഭാഷ് പലേക്കറുടെ ചെലവില്ലാ പ്രകൃതി കൃഷി സംസ്ഥാനത്ത് നിരവധി കർഷകർ സ്വമേധയാ അവലംബിച്ച് കൃഷി ചെയ്തു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**